കേരള സർക്കാർ

നം.ജെ1/180/2019/പൊവിവ.

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
തിരുവനന്തപുരം, തീയതി: 31/08/2019

## സർക്കുലർ

വിഷയം:- പൊവിവ-രാജിക്കുമുമ്പുള്ള സേവനകാലയളവ് സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്ന് സംബന്ധിച്ച സ്പഷ്ടീകരണം

സൂചന:- 1. സ.ഉ (എം.എസ്) നം. 463/1968/പൊവിവ തീയതി 26-10-1968.
2. സ.ഉ (എം.എസ്) നം.47/1971/പൊവിവ തീയതി 21-04-1971
3. WA.1654/17-ലെ 04-04-2018-ലെ ഹൈക്കോടതി വിധിന്യായം.
4. WA Nos.1361/17, 2301/17, 2632/17 എന്നിവയിൽ 14-06-2018 ലെ ഹൈക്കോടതി വിധിന്യായം.

*****************************************************

എയ്ഡഡ് സ്കൂളിൽ നിന്നും രാജിവച്ച് സർക്കാർ സ്കൂളിലേയ്ക്കും സർക്കാർ സ്കൂളിൽ നിന്നും രാജിവച്ച് എയ്ഡഡ് സ്കൂളിലേയ്ക്കും ജോലിയിൽ പ്രവേശിക്കുമ്പോൾ രാജിക്കുമുമ്പുള്ള സർവ്വീസ് അംഗീകൃതവും തുടർച്ചയായുള്ളതും ബ്രേക്ക് ഒരു മാസത്തിൽ കവിയാത്തതുമാണെങ്കിൽ പ്രസ്തുത മുൻ സർവ്വീസ് കണക്കിലെടുത്ത് ഹയർ ഗ്രേഡ് നല്കാൻ സൂചന (1) പ്രകാരം അനുവദിച്ചിരുന്നു. ഒരു എയ്ഡഡ് സ്കൂളിൽ നിന്നും രാജിവെച്ച് മറ്റൊരു എയ്ഡഡ് സ്കൂളിലേയ്ക്ക് ജോലിയിൽ പ്രവേശിക്കുമ്പോൾ രാജിക്കുമുമ്പുള്ള സർവ്വീസ് അംഗീകൃതവും തുടർച്ചയായുള്ളതും ബ്രേക്ക് ഒരു മാസത്തിൽ കവിയാത്തതുമാണെങ്കിൽ പ്രസ്തുത മുൻ സർവ്വീസ് കണക്കിലെടുത്ത് ഹയർ ഗ്രേഡ് നല്കാൻ സൂചന (2) പ്രകാരവും അനുവദിച്ചിരുന്നു. എന്നാൽ, രാജിവച്ച് മറ്റൊരു സ്കൂളിൽ ജോലിയിൽ പ്രവേശിക്കുന്നത് അവധി ഒഴിവിലേയ്ക്കാണെങ്കിൽ ആയത് കണക്കിലെടുക്കാതെ പിന്നീട് റഗുലർ നിയമനം ലഭിക്കുന്നതു മുതൽ മാത്രം സേവനമാരംഭിച്ചതായി പരിഗണിക്കുന്ന സാഹചര്യം ചില വിദ്യാഭ്യാസ ഓഫീസുകളിൽ നിലവിലുണ്ടെന്ന് ചൂണ്ടിക്കാട്ടി ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്യപ്പെട്ടു. ഉത്തരം കേസുകളിൽ ഒരു ടീച്ചർ രാജിവച്ച് മറ്റൊരു സ്കൂളിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ അത് അവധി ഒഴിവിലേയ്ക്കാണെങ്കിൽ പോലും അന്നുമുതൽ സേവനമാരംഭിച്ചതായി തന്നെ കണക്കിലെടുക്കണമെന്ന വിധിയുണ്ടായി. അതിനെതിരെ ഫയൽ ചെയ്യപ്പെട്ട അപ്പീലുകൾ സൂചന (3), (4) പ്രകാരം ബഹു. ഹൈക്കോടതി നിരസിച്ചു. ഈ പശ്ചാത്തലത്തിൽ രാജിയ്ക്കുമുമ്പുള്ള സേവന കാലയളവ് ഓരോ സേവനാനുകൂല്യങ്ങൾക്കും എപ്രകാരം പരിഗണിക്കണമെന്നതിൽ വിദ്യാഭ്യാസ അധികാരികൾക്ക് വ്യക്തത വരുത്തേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

**I.** <u>ഒരു എയ്ഡഡ് സ്കൂളിൽ നിന്നും മറ്റൊരു എയ്ഡഡ് സ്കൂളിലേയ്ക്കുള്ള മാറ്റം ഗ്രേഡിന് പരിഗണിക്കുന്നത് സംബന്ധിച്ച്:</u>

ഒരു എയ്ഡഡ് സ്കൂളിൽ നിന്ന് രാജിവച്ച് മറ്റൊരു എയ്ഡഡ് സ്കൂളിലേയ്ക്ക് ജോലിയിൽ

പ്രവേശിക്കുന്നത് അവധി ഒഴിവിലേയ്ക്കായിരുന്നാലും റഗുലർ ഒഴിവിലേയ്ക്കായിരുന്നാലും, രാജിക്കുമുമ്പുള്ള സർവ്വീസ് തുടർച്ചയായതും അംഗീകരിക്കപ്പെട്ടതും ആയിരിക്കുകയും, മുൻ സ്കൂളിലെ സേവനം മതിയാക്കിയ തീയതിയ്ക്കും രണ്ടാമത്തെ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിയ്ക്കും ഇടയ്ക്കുള്ള കാലയളവ് ഒരു മാസത്തിൽ കവിയാതിരിക്കുകയും ചെയ്താൽ രാജിക്കുമുമ്പുള്ള സർവ്വീസ് കൂടി കണക്കിലെടുത്ത് സമയബന്ധിത ഹയർ ഗ്രേഡുകൾ നല്കാവുന്നതാണ്.

**II. എയ്ഡഡ് സ്കൂളിൽ നിന്നും സർക്കാർ സ്കൂളിലേയ്ക്കും സർക്കാർ സ്കൂളിൽ നിന്നും എയ്ഡഡ് സ്കൂളിലേയ്ക്കും ഉള്ള മാറ്റം ഗ്രേഡിന് പരിഗണിക്കുന്നത് സംബന്ധിച്ച്:**

(എ) എയ്ഡഡ് സ്കൂളിൽ നിന്നും രാജിവച്ച് സർക്കാർ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ രാജിക്കുമുമ്പുള്ള സർവ്വീസ് തുടർച്ചയായതും അംഗീകരിക്കപ്പെട്ടതും ആയിരിക്കുകയും, മുൻ സ്കൂളിലെ സേവനം മതിയാക്കിയ തീയതിയ്ക്കും രണ്ടാമത്തെ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിയ്ക്കും ഇടയ്ക്കുള്ള കാലയളവ് ഒരു മാസത്തിൽ കവിയാതിരി ക്കുകയും ചെയ്താൽ പ്രസ്തുത രാജിക്കുമുമ്പുള്ള എയ്ഡഡ് സ്കൂൾ സർവ്വീസ് സമയബന്ധിത ഹയർ ഗ്രേഡുകൾ നല്കുന്നതിന് പരിഗണിക്കാമെന്ന സൂചന (1) ലെ വ്യവസ്ഥ തുടരുന്നതാണ്.

(ബി). സർക്കാർ സ്കൂളിൽ നിന്നും രാജിവച്ച് എയ്ഡഡ് സ്കൂളിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ രാജിക്കുമുമ്പുള്ള സർവ്വീസ് സ.ഉ (എം.എസ്) നം.62/73/പൊവിവ തീയതി 02-05-1973 ലെ എട്ടാമത്തെ നിബന്ധന പ്രകാരം മൊത്തം അദ്ധ്യാപനകാലം എന്നതിന്റെ പരിധിയിൽ വരുമെന്നതിനാൽ സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നതിന് കണക്കിലെടുക്കാവുന്നതാണ്. എന്നാൽ സർക്കാർ സ്കൂളിലെ പ്രൊവിഷണൽ സർവ്വീസ് എയ്ഡഡ് സ്കൂളിൽ ഗ്രേഡിന് പരിഗണിക്കുന്നതല്ല.

**III. ഒരു എയ്ഡഡ് സ്കൂളിൽ റഗുലർ സർവ്വീസിലിരിക്കെ രാജി വച്ച് മറ്റൊരു എയ്ഡഡ് സ്കൂളിൽ ജോലിയിൽ പ്രവേശിച്ച് അംഗീകാരം നേടിയവരുടെ പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവ കണക്കാക്കുന്നതു സംബന്ധിച്ച്:**

(i) ഒരു എയ്ഡഡ് സ്കൂളിൽ റഗുലർ സർവ്വീസിലിരിക്കെ രാജി വച്ച് വിടുതൽ ചെയ്ത തീയതിയ്ക്കും രണ്ടാമത്തെ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിയ്ക്കും ഇടയ്ക്കുള്ള ബ്രേക്ക് സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള joining time [+holidays] കവിയാതെ ജോയിൻ ചെയ്യുന്നവർ.

രാജിയ്ക്കുശേഷം ജോലിയിൽ പ്രവേശിച്ച സ്കൂളിലെ നിയമനം ആദ്യനിയമനം (initial appointment) ആയി കണക്കിലെടുത്ത് പുതുതായി പ്രൊബേഷൻ ആരംഭിച്ച് കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 6(A) പ്രകാരം ഡിക്ലയർ ചെയ്യേണ്ടതാണ്. പ്രൊബേഷൻ കാലം തൃപ്തികരമായി പൂർത്തീകരിച്ച് ഡിക്ലയർ ചെയ്യുന്ന മുറയ്ക്ക് ആദ്യ ഇൻക്രിമെന്റ് ലഭിക്കുന്നതാണ്. ഈ വിഭാഗത്തിലുള്ളവരുടെ ശമ്പളം കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 13, 13എ, 13ബി എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

(ii) രാജിവച്ച് വിടുതൽ ചെയ്ത് ഖണ്ഡിക III (1) ൽ പറയുന്ന കാലപരിധിയ്ക്കുശേഷം, എന്നാൽ വിടുതൽ ചെയ്ത തീയതിയ്ക്കുശേഷം ഒരു മാസത്തിനകം രണ്ടാമത്തെ സ്കൂളിൽ ജോലിയിൽ പ്രവേശിച്ചവർ.

രാജിയ്ക്കുശേഷം ജോലിയിൽ പ്രവേശിച്ച സ്കൂളിൽ ഇവരെ ആദ്യനിയമനം (initial appointment) നേടിയവരെന്ന കണക്കാക്കി പ്രൊബേഷൻ കാലം ആരംഭിക്കുന്നതാണ്. പ്രൊബേഷൻ കാലം തൃപ്തികരമായി പൂർത്തീകരിച്ച് ഡിക്ലയർ ചെയ്യുന്ന മുറയ്ക്ക് ആദ്യ ഇൻക്രിമെന്റ് ലഭിക്കുന്നതാണ്.

**IV. എയ്ഡഡ് സ്കൂളിൽ നിന്നും സർക്കാർ സ്കൂളിലേയ്ക്കും സർക്കാർ സ്കൂളിൽ നിന്നും എയ്ഡഡ് സ്കൂളിലേയ്ക്കും രാജി വച്ച് ജോലിയിൽ പ്രവേശിക്കുന്നവരുടെ പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവ കണക്കാക്കുന്നത് സംബന്ധിച്ച്:**

മുകളിൽ II (എ), (ബി) എന്നിവിടങ്ങളിൽ പരാമർശിതങ്ങളായ ആനുകൂല്യങ്ങൾക്കു (ഗ്രേഡിന്) മാത്രമേ അർഹതയുണ്ടാകുകയുള്ളൂ. രാജിവച്ച് ജോലിയിൽ പ്രവേശിച്ച സ്കൂളിൽ ഇവരെ ആദ്യ നിയമനം നേടിയവരെന്ന കണക്കാക്കി പ്രൊബേഷൻ കാലം ആരംഭിക്കുന്നതാണ്. പ്രൊബേഷൻ കാലം

തൃപ്തികരമായി പൂർത്തീകരിച്ച് ഡിക്ലയർ ചെയ്യുന്ന മുറയ്ക്ക് ആദ്യ ഇൻക്രിമെന്റ് വാങ്ങാവുന്നതാണ്.

ഇനി തീർപ്പാക്കാനിരിക്കുന്ന കേസുകളിൽ മേല്പറഞ്ഞ വ്യവസ്ഥകൾ അനുസരിച്ചുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് ഡിവിഷൻ ബഞ്ച് വിധി ഉണ്ടായ 04-04-2018 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. മുമ്പ് തീർപ്പാക്കിയ കേസുകൾ ഈ സർക്കുലറിലെ വ്യവസ്ഥകളനുസരിച്ച് പുന:പരിശോധിക്കുന്നതല്ല.

എ. ഷാജഹാൻ
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർമാർക്കും
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പബ്ളിക് റിലേഷൻസ് (വെബ് ന്യൂമീഡിയ)/പ്രസ്സ് റിലീസ് വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ